**ജി. നടേശൻ & കമ്പനി, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്**
സാരഥി എൻക്ലേവ്, ചെറുപറമ്പത്ത് ഫസ്റ്റ് ക്രോസ് റോഡ്
കടവന്ത്ര, കൊച്ചി. 682 020.

# ഇൻഡിപ്പെൻഡന്റ് ഓഡിറ്റേഴ്സ് റിപ്പോർട്ട്

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം ഓഹരിയുടമകൾക്ക്,**

**സാമ്പത്തിക പത്രികകളെക്കുറിച്ചുള്ള റിപ്പോർട്ട്**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം എന്ന കമ്പനിയുടെ ഇതോടൊപ്പം വച്ചിട്ടുള്ള സാമ്പത്തിക പത്രികകൾ, 31.03.2014 ലെ ബാക്കിപത്രവും അന്നേ ദിവസം അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ ലാഭനഷ്ട കണക്കുകകളും, കണക്കുകളെ സംബന്ധിച്ച പ്രസക്ത നയങ്ങളും കുറിപ്പുകളും വിശദീകരണങ്ങളും, ഞങ്ങൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്

**സാമ്പത്തിക പത്രികകളിൻമേലുള്ള മാനേജ്മെന്റിന്റെ ഉത്തരവാദിത്വം**

ഈ സാമ്പത്തിക പത്രികകൾ കമ്പനിയുടെ ഭരണസമിതിയുടെ ഉത്തരവാദിത്വത്തിൽപ്പെട്ടവയാണ്. അവ കമ്പനി നിയമം 1956 വകുപ്പ് 211, ഉപ വകുപ്പ്(3C)ൽ പ്രതിപാദിച്ചിട്ടുള്ള അക്കൗണ്ടിംഗ് മാനദണ്ഡങ്ങളും, ഇൻഡ്യയിൽ പൊതുവിൽ സ്വീകാര്യമായിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും പ്രകാരം കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെയും സാമ്പത്തിക പ്രകടനത്തെയും സംബന്ധിച്ച സത്യസന്ധമായ വിവരങ്ങൾ നൽകുന്നുണ്ട്. സത്യസന്ധവും നിജസ്ഥിതി വ്യക്തമാക്കുന്നതും സാരമായ തെറ്റുകൾ (ബോധപൂർവമോ/അല്ലാത്തതോ) ഇല്ലാത്തതുമായ സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിനും ആവശ്യമായ സംവിധാനം (ഇന്റേണൽ കൺട്രോൾ) രൂപീകരിച്ച് നടപ്പിലാക്കി നിലനിർത്തുന്നതും ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു.

**ഓഡിറ്ററുടെ ഉത്തരവാദിത്വം**

ഈ സാമ്പത്തിക പത്രികകളിൻമേൽ ഞങ്ങളുടെ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം പ്രസ്താവിക്കുക എന്നതാണ് ഞങ്ങളുടെ ഉത്തരവാദിത്വം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഞങ്ങൾ ഓഡിറ്റ് നിർവ്വഹിച്ചിട്ടുള്ളത്. സാമ്പത്തിക പത്രികകൾ സാരമായ തെറ്റില്ലാത്തതാണെന്ന് ന്യായമായി ഉറപ്പുവരുത്തുന്നതിന് ഉതകുന്ന രീതിയിൽ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്ന് ഈ മാനദണ്ഡങ്ങൾ അനുശാസിക്കുന്നു.

സാമ്പത്തിക പത്രികകളിലെ തുകകളെയും വെളിപ്പെടുത്തലുകളെയും സംബന്ധിച്ച തെളിവുകൾ ലഭ്യമാക്കുന്ന പ്രൊസീജിയേഴ്സ് നടപ്പിലാക്കുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. ഓഡിറ്റ് പ്രൊസീജിയേഴ്സ് തിരഞ്ഞെടുക്കുന്നത് ഓഡിറ്ററുടെ ബോധ്യവും സാമ്പത്തിക പത്രികകളിൽ വന്നേക്കാവുന്ന പ്രസക്തമായ തെറ്റുകളുടെ (ബോധപൂർവ്വമോ/അല്ലാതെയോ) പരിണിതഫലങ്ങൾ വിലയിരുത്തികൊണ്ടുമാണ്. അങ്ങനെ വിലയിരുത്തുന്നതിന് സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിനും അത് അവതരിപ്പിക്കുന്നതിനും ആവശ്യമായ, സാഹചര്യങ്ങൾക്ക് യോജിച്ച ഇന്റേണൽ കൺട്രോൾ സംവിധാനങ്ങളും പരിഗണിക്കുന്നു. സാമ്പത്തിക പത്രികകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതിനോടൊപ്പം ഭരണസമിതി ഉപയോഗിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളുടെയും, അനുഷ്ഠിച്ചിട്ടുള്ള പ്രധാനമായ വിലമതിപ്പുകളുടെയും, പ്രസക്തി വിലയിരുത്തലും ഓഡിറ്റിൽ ഉൾപ്പെടുന്നു.ഞങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ അഭിപ്രായങ്ങൾക്ക് അടിസ്ഥാനമായി ആവശ്യമായതും ഉതകുന്നതുമായ തെളിവുകൾ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**അഭിപ്രായം**

1. കേരളസർക്കാർ അഗ്രിക്കൾച്ചർ (PU) ഡിപ്പാർട്ട്മെന്റ് ഉത്തരവ് G.O.(MS)No.137/12/AD dated 02.06.12 ന്റെ സാധുതയെയും നടുക്കര അഗ്രോ പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡിന്റെ ആസ്തികൾ ഏറ്റെടുത്ത് കൗൺസിലിലേക്ക് ചേർക്കുന്നതിനുള്ള പ്രസ്തുത ഉത്തരവിലെ നിർദ്ദേശത്തെയും നടുക്കര അഗ്രോ പ്രോസ്സസിംഗ് കമ്പനി ലിമിറ്റഡിന്റെ ഓഹരിയുടമകൾ ഹൈക്കോടതിയിൽ ചലഞ്ച് ചെയ്തിട്ടുള്ളത് ഇനിയും തീർപ്പാക്കുവാൻ ഉണ്ട്. മേൽ പറഞ്ഞ സർക്കാർ ഉത്തരവിനെ ചലഞ്ച് ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത സ്യൂട്ടിൽ കൗൺസിൽ ഡിഫൻഡന്റ് ആണ്. കൗൺസിൽ ഫയൽ ചെയ്ത കൗണ്ടർ പെറ്റീഷനുമേൽ ഹീയറിങ്ങും നടപടികളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

   അപ്പീലുകളിൻമേലുള്ള അന്തിമകോടതിവിധിയുടെ ഫലം ഇപ്പോൾ നിശ്ചയിക്കാൻ കഴിയാത്തതിനാൽ സർക്കാർ ഉത്തരവ്G.O.(MS)No.137/12/AD dated 02.06.12 നിലനിൽക്കുന്നതും കൗൺസിലിനു ബാധകവുമായി പരിഗണിച്ചുകൊണ്ടാണ് കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. കോടതി വിധി കൗൺസിലിന് അനുകൂലമല്ലാത്ത സാഹചര്യമാണ് ഉണ്ടാകുന്നതെങ്കിൽ സാമ്പത്തിക പത്രികകളിൽ നിന്ന് നടുക്കര അഗ്രോ പ്രോസ്സസിംഗ് ഫാക്ടറി (NAPF) യുടെ കണക്കുകൾ ഒഴിവാക്കപ്പെടും.

2. മുകളിൽ അഭിപ്രായം (1) ൽ പരാമർശിച്ചതുപോലെ, കേരള സർക്കാർ ഉത്തരവ് G.O.(MS)No.137/12/AD dated 02.06.2012പ്രകാരം നടുക്കര അഗ്രോ പ്രോസസിംഗ് ഫാക്ടറി ഏറ്റെടുത്ത് കൗൺസിലിനെ ഏൽപ്പിക്കുകയും, തുടർന്ന് G.O.(MS)No.263/13/AD dated 31.08.13 പ്രകാരം പ്രസ്തുത ഫാക്ടറി കൈമാറുന്നതിന്, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ NAPFന്റെ പ്രവർത്തനങ്ങൾ, പ്രവർത്തനം നിർത്തപ്പെടുന്ന വിഭാഗം (ഡിസ്കണ്ടിന്യൂയിംഗ് യൂണിറ്റ്) ആയി റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ള നടപടികൾ കമ്പനി നിയമം 1956 ലെ വകുപ്പുകളുടെ അടിസ്ഥാനത്തിലല്ല.

3. NAPFലെ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി ബാധ്യതകൾക്കായി വകയിരുത്തലുകളൊന്നും NAPF ന്റെ സാമ്പത്തിക പത്രികകളിൽ നടത്തിയിട്ടില്ല. ഇത് ICAI യുടെ അക്കൗണ്ടിംഗ് സ്ററാൻഡേർഡ് (AS-15) ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആക്ച്യൂറിയൽ വാല്യുവേഷൻ നടത്താത്തതിനാൽ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

4. കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന നിയമ നടപടികളെ തുടർന്ന് ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിരിക്കുന്നതിനാൽ NAPF ന്റെ ബാങ്ക് അക്കൗണ്ട് ബാലൻസുകളുടെ സ്ഥിരീകരണം ലഭിച്ചിട്ടില്ല. അതുകൊണ്ട് NAPF ന്റെ സാമ്പത്തികപത്രികകളിൽ കാണിച്ചിട്ടുള്ള ബാങ്ക് ബാലൻസുകളും നിക്ഷേപങ്ങളും സത്യസന്ധവും കൃത്യവും ആണെന്ന് ഉറപ്പ്വരുത്തിയിട്ടില്ല. അവ NAPF ന്റെ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് പ്രകാരമുള്ളതാണ്.

5. NAPF യൂണിറ്റ് കൗൺസിലിലേക്ക് ചേർക്കപ്പെട്ട സമയത്തെ പ്രവർത്തന മൂലധന വായ്പയായ 5,94,00,796/-രൂപയും തുടർന്ന് 31/03/2014 വരെ നൽകിയ അഡ്വാൻസുകൾ 1,01,66,934/- രൂപയും ചേർന്ന് മൊത്തം 6,95,67,730/- രൂപ കൗൺസിലിന്റെ ബാലൻസ്ഷീറ്റിലെ ആസ്തികളിൽ ദീർഘകാല വായ്പകളും അഡ്വാൻസുകൾക്കും കീഴിൽ കുറിപ്പ് 11ൽ പരാമർശിച്ച പ്രകാരം കാണിച്ചിട്ടുണ്ട്. തത്തുല്യമായി കുറിപ്പ് 27(d) പ്രകാരം 6,95,67,730/- രൂപ NAPF ന്റെ സാമ്പത്തികപത്രികകളിൽ ബാധ്യതകളിൽ ആ യൂണിറ്റിന് ലഭിച്ച പ്രവർത്തന മൂലധന അഡ്വാൻസ് ആയി കാണിച്ചിരിക്കുന്നു. അനന്തര ഫലമായി കൗൺസിലിന്റെ ബാലൻസ്ഷീറ്റിലെ മൊത്തം ആസ്തികളും ബാധ്യതകളും 6,95,67,730/- രൂപ വീതം കൂടുതലായാണ് വെളിപ്പെടുന്നത്. കൗൺസിൽ മാനേജ്മെന്റിന്റെ അഭിപ്രായത്തിൽ ഇപ്രകാരം ചെയ്തിരിക്കുന്നത് NAPF ന് കൗൺസിൽ നൽകിയിരിക്കുന്ന പ്രവർത്തന മൂലധന അഡ്വാൻസ് പ്രത്യേകം തിരിച്ചറിയുന്നതിനും, സർക്കാർ ഉത്തരവ് G.O.(MS)No.263/13/AD dated 31.08.13 പ്രകാരം പുതിയതായി രൂപീകരിക്കപ്പെട്ട, VAPC Ltd. ന് ഈ തുകകൾ അതേപടി കൈമാറുന്നതിനും വേണ്ടിയാണ്.

6. പുതിയ കമ്പനിയായ VAPC Ltd ലേക്ക്, VFPCK യിൽ നിന്നും ഫാക്ടറി (NAPF) കൈമാറുന്നതിനുള്ള കരാർ തയ്യാറാക്കുന്നതിന് വേണ്ടി കേരള സർക്കാർ ഉത്തരവ് GO (MS) No. 660/2014/AD dt. 26.03.2014 പ്രകാരം ഒരു കമ്മറ്റിയെ രൂപീകരിച്ചിട്ടുണ്ട്. VFPCK പ്രവർത്തന മൂലധന വായ്പയായി മുൻ NAPC Ltd ന് നൽകിയ 5.94 കോടി രൂപ, പുതിയ കമ്പനിയായ VAPC Ltd ന്റെ ബാദ്ധ്യതയായി ചേർക്കാൻ കഴിയുകയില്ലെന്ന് മേൽകമ്മറ്റിയുടെ 03.04.2014 ലെ യോഗത്തിൽ VAPC Ltd നിരീക്ഷണം നടത്തിയിട്ടുള്ളതിനാൽ ഈ തുക VAPC Ltdൽ നിന്നും ലഭിക്കുന്ന കാര്യം ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഇതിനെകുറിച്ച് സർക്കാരിന്റെ തീരുമാനം ഉണ്ടായതിന് ശേഷം മാത്രമേ ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. സർക്കാർ തീരുമാനം ഇനിയും ഉണ്ടാകേണ്ടതുള്ളതിനാൽ ഇതിൻമേൽ വകയിരുത്തലുകളൊന്നും നടത്തിയിട്ടില്ല. എന്നിരുന്നാലും നിലവിലെ സാഹചര്യത്തിൽ പ്രസ്തുത 5.94 കോടി രൂപ പിരിഞ്ഞുകിട്ടാൻ സാദ്ധ്യത കുറവാണ്. കൂടാതെ VFPCK യിൽ നിന്ന് NAPF ന് അഡ്വാൻസ് ആയി 1,01,66,934/- രൂപ നൽകിയിട്ടുണ്ട്. ഈ തുകകൾ ദീർഘകാല വായ്പകൾ / അഡ്വാൻസുകൾ-ക്ക് ചുവടെ കാണിച്ചിട്ടുണ്ട്.

7. ഓണം-റംസാൻ 2013 വില നിയന്ത്രണ വിപണികൾ നടത്തിയ ഇനത്തിൽ കൗൺസിൽ 7,21,25,483/-രൂപ ചെലവാക്കിയിട്ടുള്ളതിൽ സർക്കാർ ഗ്രാന്റായി 2,00,00,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 5,21,25,483/- രൂപയ്ക്കുള്ള അനുമതിക്കായി സർക്കാരിനോട് അപേക്ഷിച്ചിട്ടുങ്കിലും, അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിച്ചിട്ടില്ല. മേൽ പറഞ്ഞ പ്രകാരം അനുമതി ലഭിക്കാത്ത പക്ഷം പ്രസ്തുത 5,21,25,483/- രൂപ ധനസഹായമില്ലാത്ത പദ്ധതി ചെലവുകളായി വരവ്-ചെലവ് കണക്കിൽ കാണിക്കേണ്ടതാണ്. എന്നാൽ ഈ തുക വരവ്-ചെലവ് കണക്കിൽ ഉൾപ്പെടുത്താതെ സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായിട്ട് ഹ്രസ്വകാല ആസ്തികളിൽ കാണിച്ചിരിക്കുന്നത്, ഞങ്ങളുടെ അഭിപ്രായത്തിൽ ശരിയായ വെളിപ്പെടുത്തൽ അല്ല. അതുകൊണ്ട് ചിലവ് കഴിച്ചുള്ള മിച്ചവും, ഹ്രസ്വകാല ആസ്തികളും 5,21,25,483/- രൂപ വീതം കൂടുതലായി കാണിക്കപ്പെട്ടിരിക്കുന്നു.

8. മറ്റു ഹ്രസ്വകാല ആസ്തികളിൽ 41,92,068/- രൂപ കോർപറേറ്റ് ഇൻഷുറൻസ് ഏജൻസി കമ്മീഷൻ ഇനത്തിൽ ലഭിക്കുവാനുള്ളതാണ്. IRDA നിഷ്ക്കർഷിച്ചിട്ടുള്ള ചില വ്യവസ്ഥകൾ കൂടി പാലിക്കേണ്ടതുള്ളതിനാൽ ഇൻഷുറൻസ് കമ്പനി പ്രസ്തുത തുക ഇതുവരെ നൽകിയിട്ടില്ല.

9. 31.03.2014 ൽ 5,84,69,492/- രൂപയ്ക്കുള്ള സ്ഥലം കൗൺസിലിന് സ്വന്തമായുണ്ട്. പ്രസ്തുത സ്ഥലങ്ങൾ കൗൺസിലിന്റെ പേരിൽ പോക്കുവരുവു നടത്തി സർക്കാരിന്റെ റവന്യൂ റെക്കോർഡിൽ വരവ് വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇനിയും പൂർത്തിയാകുവാനുണ്ട്.

10. കുറിപ്പ് നമ്പർ 12 a & b യിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, കസ്റ്റംസ് അപ്പലേറ്റ് അതോരിറ്റി മുമ്പാകെ അപ്പീൽ നിലനിൽക്കുന്ന ഇറക്കുമതി തീരുവ വകയിൽ തിരിച്ചുകിട്ടാനുള്ള 470.68 ലക്ഷം രൂപയ്ക്കു തുല്യമായി ക്യാപിറ്റൽ റിസർവിലോ മറ്റ് ദീർഘകാല ആസ്തികളിലോ മാറ്റം ഒന്നും വരുത്തിയിട്ടില്ല.

11. പിരിഞ്ഞുകിട്ടാനുള്ളവ (കടക്കാർ) ഹ്രസ്വകാല വായ്പകൾ, അഡ്വാൻസുകൾ മറ്റ് ഹ്രസ്വകാല ആസ്തികൾ എന്നിവ അതാത് വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും സ്ഥിരീകരണ വിധേയമാക്കേണ്ടതുണ്ട്.

12. 31.03.2014 ന് ഗ്രൂപ്പ് ഗ്രാറ്റുവിറ്റി ബാധ്യതയും (ഒന്നുമില്ല) ലീവ് എൻക്യാഷ്മെന്റ് ബാധ്യതയ്ക്കുള്ള 51,90,667/- രൂപയും LIC യുടെ മൂല്യനിർണയപ്രകാരമാണ് വകയിരുത്തിയിട്ടുള്ളത് എങ്കിലും ഇതൊരു ആക്ചറി സാക്ഷ്യപ്പെടുത്താത്തതാണ്. ആയതിനാൽ ഇത് ICAI യുടെ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് (AS-15) കമ്പനി (അക്കൗണ്ടിംഗ് മാനദണ്ഡം) ചട്ടങ്ങൾ, 2006 എന്നിവയ്ക്ക് അനുസൃതമായിട്ടല്ല.

ഞങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളും വിശദീകരണങ്ങളും പ്രകാരം, മേൽ പറഞ്ഞ കണക്കുകൾ മുൻ ഖണ്ഡികകളിൽ പറയുന്നതിന് വിധേയമായി കമ്പനിനിയമം അനുശാസിക്കുന്നതും ഇന്ത്യയിൽ പൊതുവായി സ്വീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസരിച്ചുള്ളതും സത്യസന്ധവും നിജസ്ഥിതി വെളിപ്പെടുത്തുന്നതുമാണ്.

a) ബാക്കിപത്രത്തിന്റെ കാര്യത്തിൽ 2014 മാർച്ച് 31ന് കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും

b) വരവ് ചെലവ് കണക്കിന്റെ കാര്യത്തിൽ അന്നേ ദിവസം അവസാനിച്ച സാമ്പത്തിക വർഷത്തിലെ കമ്പനിയുടെ മിച്ചവും.

**പ്രധാനപ്പെട്ട വസ്തുതകൾ**

ഞങ്ങളുടെ അഭിപ്രായത്തിൽ താഴെപറയുന്ന വസ്തുതകൾ പ്രാധാന്യമുള്ളതിനാൽ കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്നുണ്ട്.

1. അക്കൗണ്ടിംഗ് നയങ്ങളിൽ C (1), (2), (3) എന്നിവയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം നടുക്കര അഗ്രോ പ്രോസസിംഗ് ഫാക്ടറിയുടെ കണക്കുകൾ പ്രവർത്തനം തുടരാത്ത യൂണിറ്റ് (ഡിസ്കണ്ടിന്യൂയിങ് ഓപ്പറേഷൻസ്) ആയി വെളിപ്പെടുത്തിയിരിക്കുന്നത് ICAI-യുടെ അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് (AS-24)പ്രകാരമാണ് എന്ന കാര്യം പ്രസക്തമാണ്.

2. നടുക്കര അഗ്രോ പ്രോസസിംഗ് ഫാക്ടറിയുടെ (ഡിസ്കണ്ടിന്യൂയിങ് ഓപ്പറേഷൻസ്) മൊത്തം ആസ്തികളും മൊത്തം ബാധ്യതകളും കൗൺസിലിന്റെ ബാലൻസ്ഷീറ്റിലും, പ്രവർത്തന നഷ്ടം കുറിപ്പ് 27 ന്റെ കീഴിൽ NAPF ന്റെ ലാഭ നഷ്ട കണക്കിലും വെളിപ്പെടുത്തിയിട്ടുണ്ട്. നടുക്കര അഗ്രോ പ്രോസസിംഗ് ഫാക്ടറി (ഡിസ്കണ്ടിന്യൂയിങ് ഓപ്പറേഷൻസ്) യുടെ വിശദമായ ബാലൻസ്ഷീറ്റും, ലാഭ നഷ്ട കണക്കുകളും അനുബന്ധകുറിപ്പുകളും, കുറിപ്പ് 27ൽ പ്രത്യേകമായി കാണിച്ചിട്ടുണ്ട്.

**നിയമങ്ങളും ചട്ടങ്ങളും ആയി ബന്ധപ്പെട്ട പ്രസ്താവന**

1. കമ്പനി നിയമം1956, വകുപ്പ് 227(4A) പ്രകാരം കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള കമ്പനി (ഓഡിറ്റേഴ്സ് റിപ്പോർട്ട്), ഓർഡർ, 2003, കമ്പനി നിയമം 1956 വകുപ്പ് 25 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാകയാൽ, ഈ കൗൺസിലിന് ബാധകമല്ല.

2. കമ്പനി നിയമം 1956 വകുപ്പ് 227(3) പ്രകാരം ഞങ്ങൾ ഇങ്ങനെ പ്രസ്താവിക്കുന്നു.

a) ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ഓഡിറ്റ് ചെയ്യുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും വിശദീകരണങ്ങളും ലഭിച്ചിട്ടുണ്ട്

b) ഞങ്ങളുടെ പരിശോധനയിൽ വെളിവായിട്ടുള്ളടത്തോളം, ഞങ്ങളുടെ അഭിപ്രായത്തിൽ നിയമാനുസരണം ആവശ്യമായ കണക്കുകൾ കമ്പനി സൂക്ഷിച്ചിട്ടുണ്ട്.

c) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ബാലൻസ്ഷീറ്റും, വരവ് ചെലവ് കണക്കുകളും, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റും കമ്പനിയുടെ കണക്കുകളുമായി യോജിച്ചു പോകുന്നുണ്ട്.

d) മേൽ പറഞ്ഞ ഞങ്ങളുടെ അഭിപ്രായങ്ങൾക്ക് വിധേയമായി, ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ബാലൻസ്ഷീറ്റും, വരവ് ചെലവ് കണക്കുകളും, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റും കമ്പനി നിയമം വകുപ്പ് 211 ഉപവകുപ്പ് (3 C) ൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

e) കമ്പനിയുടെ ഡയറക്ടർമാർ എഴുതി സാക്ഷ്യപ്പെടുത്തി ഭരണസമിതി പരിഗണിച്ച് രേഖപ്പെടുത്തിയ പ്രകാരം 31.03.2014 തീയതിക്ക് ഡയറക്ടർമാർ ആരും തന്നെ 1956 കമ്പനി നിയമം വകുപ്പ് 274, ഉപവകുപ്പ് 1 (g) പ്രകാരം ഡയറക്ടർമാർ ആയിരിക്കുവാൻ അയോഗ്യരല്ല

f) കമ്പനി നിയമം 1956 വകുപ്പ് 441 A പ്രകാരം ഏതെങ്കിലും നിരക്കിൽ സെസ് അടക്കണമെന്ന് വിജ്ഞാപനം പുറപ്പെടുവിക്കുകയോ ഏതു വിധേനയാണ് അടക്കേണ്ടതെന്ന് പ്രസ്തുത വകുപ്പിന് കീഴിൽ ചട്ടങ്ങൾ രൂപികരിക്കുകയോ ചെയ്യാത്തതിനാൽ ഈ ഇനത്തിൽ കൗൺസിലിന് കുടിശ്ശികയോ ബാധ്യതയോ ഇല്ല.

ജി. നടേശൻ &കമ്പനി
ചാർട്ടേർഡ് അക്കൗണ്ടന്റ്സിന് വേണ്ടി
രജി. നമ്പർ : 002424s

(ഒപ്പ്)
കെ.സി. സീതാരാമൻ FCA DISA
പാർട്നർ
മെമ്പർഷിപ്പ് നമ്പർ : 052270

സ്ഥലം : എറണാകുളം
തിയതി : 27/08/2014

# 31.03.2014 ലെ ബാക്കി പത്രം (ബാലൻസ് ഷീറ്റ്)

₹(രൂപ)

| വിശദാംശങ്ങൾ | കുറിപ്പ് | 31. 03. 2014 | 31. 03. 2013 |
|---|---|---|---|
| **മൂലധനം & ബാദ്ധ്യതകൾ** | | | |
| **1.ഓഹരി മൂലധനം** | 3 | 20,56,000 | 20,49,000 |
| **2. കാപ്പിറ്റൽ റിസർവ് & അൺ അമോർട്ടൈസ്ഡ് റിസർവ്സ്** | | | |
| a) കാപ്പിറ്റൽ റിസർവ് | 4 | 26,22,73,244 | 25,76,03,434 |
| b) അൺ അമോർട്ടൈസ്ഡ് ഗ്രാന്റ് / റിസർവ് | 4 | 15,98,47,885 | 14,29,17,112 |
| **3. നീക്കിയിരിപ്പും മിച്ചവും** | | | |
| a) നീക്കിയിരിപ്പ് | 5 | 4,11,44,885 | - |
| b) വരവ് ചെലവ് കണക്ക് | 5 | 2,28,08,118 | 4,11,44,885 |
| **4. ദീർഘകാല ബാദ്ധ്യതകൾ** | | | |
| a) ദീർഘകാല ബാദ്ധ്യതകൾ | 6 | 74,01,489 | 58,60,358 |
| b) ദീർഘകാല പ്രൊവിഷൻസ് | 7 | 51,90,667 | 49,33,559 |
| **5. ഹ്രസ്വകാല ബാദ്ധ്യതകൾ** | | | |
| a) പദ്ധതി ഗ്രാന്റുകൾ (ബാദ്ധ്യത) | 1 | 8,31,47,709 | 8,81,04,182 |
| b) അനുബന്ധ പ്രവർത്തനങ്ങൾക്ക് കൊടുക്കാനുള്ള ബാദ്ധ്യത | 8 | 2,52,48,937 | 2,56,15,891 |
| c) മറ്റ് ഹ്രസ്വകാല ബാദ്ധ്യതകൾ | 9 | 91,59,370 | 2,37,32,365 |
| d) NAPFന്റെ ബാദ്ധ്യതകൾ (സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്തത്) | 24 | 16,35,97,211 | 16,89,26,158 |
| ആകെ | | **78,18,75,515** | **76,08,86,944** |
| **ആസ്തികൾ** | | | |
| **I. ദീർഘകാല ആസ്തികൾ** | | | |
| a) സ്ഥിരം ആസ്തികൾ | 25 | 22,16,39,414 | 19,88,35,747 |
| b) ദീർഘകാല നിക്ഷേപങ്ങൾ | 10 | 1,48,000 | - |
| c) ദീർഘകാല വായ്പകളും അഡ്വാൻസുകളും | 11 | 7,12,08,056 | 7,19,27,822 |
| d) മറ്റ് ദീർഘകാല ആസ്തികൾ | 12 | 4,70,68,564 | 4,70,68,564 |
| **2. ഹ്രസ്വകാല ആസ്തികൾ** | | | |
| a) നീക്കിയിരിപ്പ് ചരക്കുകൾ | 13 | 1,02,15,114 | 1,02,52,094 |
| b) അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കാനുള്ളത് | 14 | 6,83,06,858 | 6,63,07,552 |
| c) കാഷ് & ബാങ്ക് ബാലൻസ് | 15 | 4,03,06,664 | 9,71,91,116 |
| d) ബാങ്ക് അക്കൗണ്ടുകളിലുള്ള പദ്ധതി ഗ്രാന്റ് | 15 | 8,31,47,709 | 8,81,04,182 |
| e) ഗവൺമെന്റിൽ നിന്നും ലഭിക്കാനുള്ള ഇന്റർവെൻഷൻ സപ്പോർട്ട് | 22A | 5,21,25,483 | - |
| f) ഹ്രസ്വകാല വായ്പകളും മുൻകൂർ നൽകിയവയും | 16 | 1,52,53,597 | 67,97,482 |
| g) മറ്റ് ഹ്രസ്വകാല ആസ്തികൾ | 17 | 88,58,845 | 54,76,227 |
| h) NAPFന്റെ ആസ്തികൾ (സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്തത്) | 24 | 16,35,97,211 | 16,89,26,158 |
| ആകെ | | **78,18,75,515** | **76,08,86,944** |

അനുബന്ധമായുള്ള കുറിപ്പുകൾ ഈ സാമ്പത്തിക പത്രികയുടെ ഭാഗമാണ്

ഭരണ സമിതിക്കുവേണ്ടി

ഒപ്പ്
എസ്. ശിവപ്രസാദ്
ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ഒപ്പ്
പത്മനാഭൻ. ആർ
ഡയറക്ടർ

സ്ഥലം : കൊച്ചി
തിയതി : 27.08.2014

ഇതിനോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം
ജി. നടേശൻ & കമ്പനി
ചാർട്ടേഡ് അക്കൗണ്ടന്റ്സ്,

ഒപ്പ്
കെ. സി. സീതാരാമൻ FCA, DISA
പാർട്ണർ (ICAI Memb No. 052270)
Firm No : 002424S.

സ്ഥലം : കൊച്ചി
തിയതി : 27.08.2014

## വരവ്-ചെലവ് കണക്ക്

| വിശദാംശങ്ങൾ | കുറിപ്പ് | 2013-14 | 2012 -13 |
|---|---|---|---|
| **വരുമാനം** | | | |
| പദ്ധതികൾക്കുള്ള ഗ്രാന്റ് (എയ്ഡഡ്) | 1 | 33,57,43,023 | 22,61,90,777 |
| കേരള സർക്കാർ നോൺ പ്ലാൻ ഗ്രാന്റ് | 18 | 25,00,000 | 5,50,000 |
| റിവോൾവിംഗ് ഫണ്ട് ട്രസ്റ്റ് ഗ്രാന്റ് | 19 | 5,50,00,000 | 6,00,00,000 |
| അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും വരുമാനങ്ങൾ | 20 | 6,40,69,431 | 5,77,43,749 |
| മറ്റു വരുമാനങ്ങൾ | 21 | 2,60,93,148 | 1,35,36,940 |
| **ആകെ** | | **48,34,05,602** | **35,80,21,466** |
| **ചെലവുകൾ** | | | |
| പദ്ധതി ചെലവുകൾ (എയ്ഡഡ്) | 1 | 33,57,43,023 | 22,61,90,777 |
| പദ്ധതി ചെലവുകൾ (അൺ-എയ്ഡഡ്) | 22 | 50,18,797 | 1,16,01,492 |
| മാനവശേഷി ചെലവുകൾ | 23 | 11,96,08,795 | 9,95,85,419 |
| **ആകെ** | | **46,03,70,615** | **33,73,77,688** |
| **ചെലവ് കഴിച്ചുള്ള മിച്ചം (തേയ്മാന ചെലവുകൾക്കു മുൻപ്)** | | **2,30,34,987** | **2,06,43,778** |
| തേയ്മാന കിഴിവ് & അമോർട്ടൈസേഷൻ | | (1,75,60,741) | (1,10,66,357) |
| (+) അമോർട്ടൈസേഷൻ | | 1,73,33,872 | 1,08,42,925 |
| **ചെലവ് കഴിച്ചുള്ള മിച്ചം** | | **2,28,08,118** | **2,04,20,346** |

കേരള സർക്കാർ ഉത്തരവ് GO (MS) No:137/12/AD dated 02.06.2012 പ്രകാരം നടുക്കര അഗ്രോ പ്രൊസസ്സിംഗ് ഫാക്ടറി, NAPC Ltdൽ നിന്നും തിരിച്ചെടുക്കുകയും ബദൽ സംവിധാനം ഉണ്ടാകുന്നതുവരെ VFPCK യെ നടത്തിപ്പ് ചുമതല താത്കാലികമായി ഏൽപ്പിക്കുകയും ചെയ്തു. കേരള സർക്കാർ ഉത്തരവ് GO (MS) No. : 149/12/AD dated 16.06.2012 പ്രകാരം രൂപീകരിച്ച അഡ്വൈസറി കമ്മറ്റിയുടെ മേൽനോട്ടത്തിൽ ഫാക്ടറിയുടെ (NAPF) നിലവിലെ പ്രവർത്തനം സർക്കാരിന് വേണ്ടി VFPCK നടത്തിവരുന്നു. ഈ ഫാക്ടറി യൂണിറ്റ് സ്ഥിരമായി കൈമാറ്റം ചെയ്യുന്നതിനായി കേരള സർക്കാർ ഉത്തരവ് GO(MS) No:263/13/AD Dated 31.08.2013 പ്രകാരം "വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്" എന്ന പേരിൽ 23.10.2013 ന് ഒരു പുതിയ കമ്പനി രൂപീകരിച്ചിട്ടുണ്ട്. സർക്കാർ രൂപീകരിച്ച കമ്മറ്റിയുടെ മേൽനോട്ടത്തിൽ കൈമാറ്റ പ്രക്രിയ നടപ്പിലാക്കികൊണ്ടിരിക്കുന്നു. ആയതിനാൽ ഇതിനെ പ്രവർത്തനങ്ങൾ തുടരാത്ത (ഡിസ്കണ്ടിന്യൂയിംഗ് ഓപ്പറേഷൻസ്) ഒരു യൂണിറ്റായി (കുറിപ്പ് 27ൽ) കാണിച്ചിരിക്കുന്നു.

**അനുബന്ധമായുള്ള കുറിപ്പുകൾ ഈ സാമ്പത്തിക പത്രികയുടെ ഭാഗമാണ്**

**ഭരണ സമിതിക്കുവേണ്ടി**

**ഒപ്പ്**
**എസ്. ശിവപ്രസാദ്**
**ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**ഒപ്പ്**
**പത്മനാഭൻ. ആർ**
**ഡയറക്ടർ**

**സ്ഥലം : കൊച്ചി**
**തിയതി : 27.08.2014**

**ഇതിനോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം**
**ജി. നടേശൻ & കമ്പനി**
**ചാർട്ടേഡ് അക്കൗണ്ടന്റ്സ്,**

**ഒപ്പ്**
**കെ. സി. സീതാരാമൻ FCA, DISA**
**പാർട്ണർ (ICAI Memb No. 052270)**
**Firm No : 002424S.**

**സ്ഥലം : കൊച്ചി**
**തിയതി : 27.08.2014**